പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 465 | 01.07.2013-ൽ മറുപടിക്ക്.

# ഇലക്ട്രോണിക് ബീറ്റ് മോണിറ്ററിംഗ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി.) അധിഷ്ഠിതമായ ഇലക്ട്രോണിക് ബീറ്റ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താനുദ്ദേശി-ക്കുന്നുണ്ടോ ; | : | (എ) സംസ്ഥാനത്ത് 5 പോലീസ് സിറ്റികൾ ഉൾപ്പെടെ 6 ജില്ലകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇലക്ട്രോണിക് ബീറ്റ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | : | (ബി) ബീറ്റ് ഡ്യൂട്ടിയിലുള്ള പോലീസുദ്യോഗസ്ഥർ അവർക്ക് അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ കൃത്യമായി എത്തുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥർക്ക് വളരെ വേഗത്തിൽ പരിശോധിക്കുന്നതിനും പോലീസ് ബീറ്റ് സംവിധാനം കൂടുതൽ ഫലപ്രദവും കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ് ഇലക്ട്രോണിക് പോലീസ് ബീറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും, സംസ്ഥാന പ്ലാൻ പദ്ധതി ഫണ്ടും ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഏതെല്ലാം നഗരങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | : | (സി) തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കൊല്ലം റൂറൽ എന്നീ ജില്ലകളിലാണ് ഇപ്പോൾ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുള്ളത്. ഇത് ഈ വർഷം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. |

(മറുപുറം)

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

: (ഡി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് പ്രസ്തുത സംവിധാനം ഈ വർഷം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ